# അമൃതപുരിയിൽ ബയോടെക്നോളജി പഠനകേന്ദ്രം

കൊല്ലം: അമൃത സർവകലാശാലയുടെ ബയോടെക്നോളജി കേന്ദ്രം അമൃതപുരിയിൽ തുറന്നു. എം.എസ്സി. ബയോടെക്നോളജി, എം.എസ്സി. ബയോഇൻഫർമാറ്റിക്സ് എന്നീ കോഴ്സുകൾ കേന്ദ്രത്തിൽ ആരംഭിച്ചിട്ടുണ്ട്. അമൃത ഇൻസ്റ്റിറ്റ്യൂട്ടുകളെ കൂട്ടിയിണക്കുന്ന ഉപഗ്രഹ ശൃംഖല വഴി വിദ്യാർഥികൾക്ക് എ.ഐ.എം.എസ്., കോയമ്പത്തൂർ എൻജിനീയറിങ് കോളജ് എന്നിവിടങ്ങളിലെ വിദഗ്ധരുമായി ബന്ധപ്പെടാൻ അവസരമുണ്ട്. സർവകലാശാല വൈസ് ചാൻസലർ ഡോ. വെങ്കട് രംഗൻ കേന്ദ്രം ഉദ്ഘാടനം ചെയ്തു.

സ്വാമി അമൃത സ്വരൂപാനന്ദ പുരി അധ്യക്ഷത വഹിച്ചു. ഡീൻ ഡോ. കെ.ബി.എം. നമ്പൂതിരിപ്പാട്, ധനലക്ഷ്മി ബാങ്ക് ചെയർമാൻ രാജ്മോഹൻ റാവു എന്നിവർ പ്രസംഗിച്ചു. ഡോ. ബിപിൻ നായരാണു കേന്ദ്രത്തിന്റെ ചെയർമാൻ.

Malayala Manorama (Page: 03)

September 03, 2004